(സി) ഇല്ല. നടപടികളെടുക്കാൻ എസ്റ്റിമേറു തയ്യാറാക്കി വരുന്നു.

(ഡി) ഒരു ചിറയിടാനുദ്ദേശിക്കുന്നു. ഒന്നും ചെലവായിട്ടില്ല.

കൊപ്രായുടേയും വെളിച്ചെണ്ണയുടേയും വിലയിടിവു്.

* 48. [53] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രായുടേയും വെളിച്ചെണ്ണയുടേയും വിലയിടിവിനെപ്പറ്റി ഇൻഡ്യാ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തു മറുപടിയാണു് ലഭിച്ചിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഇൻഡ്യാഗവണ്മെൻറിന്റെ അഭിപ്രായം ഇപ്രകാരമാണു്. വെളിച്ചെണ്ണയുടെ വില 1939-ലെ വിലയേക്കാൾ ഇപ്പോൾ ആറു് എഴ മടങ്ങു് കൂടുതലാണു്. 1955 ഏപ്രിൽ 1-ാംതീയതി ഒരു ടൺ വെളിച്ചെണ്ണയ്ക്കു് ആലപ്പുഴ വില 1217 രൂപയായിരുന്നതു് 1955 ജൂൺമാസത്തിൽ 1400 രൂപ വരെ ഉയർന്നു. വെളിച്ചെണ്ണ വില ഇങ്ങിനെയിരിക്കുന്ന സ്ഥിതിക്കു് ഗവണ്മെൻറു് ഇടപെടേണ്ട ആവശ്യമുണ്ടെന്നു് ഇൻഡ്യാഗവണ്മെൻറു് വിചാരിക്കുന്നില്ല. എന്നാൽ വെളിച്ചെണ്ണയ്ക്കു് എക്കണാമിക്കു് ലെവലിനേക്കാൾ വിലയിടിയുകയാണെങ്കിൽ അതിനെ തടയുന്നതിനു വേണ്ട നടപടികൾ ഇൻഡ്യാഗവണ്മെൻറു് എടുക്കുന്നതായിരിക്കും. ആറുമാസത്തിലൊരിക്കൽ ഇറക്കുമതി സാധനങ്ങളെപ്പറ്റി പരിചിന്തിക്കുന്നതും അപ്പോഴത്തെ വിലയും വിതരണവും അനുസരിച്ചു് ഇറക്കുമതി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതുമാണു്.

കൈത്തറി നെയ്ത്തിനെപ്പറ്റി പഠിക്കാൻ അയച്ച വിദഗ്ദ്ധൻ.

* 49. [54] ശ്രീ. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി നെയ്ത്തിന്റെ വിവിധവശങ്ങളെപ്പറ്റി പഠിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ ബാംബെ, കൽക്കട്ട, ബാംഗ്ലൂർ, മദ്രാസു് മുതലായ സ്ഥലങ്ങളിലേയ്ക്കു് അയച്ചിരുന്നോ ;

(ബി) ഈ ഇനത്തിൽ ഗവണ്മെൻറിനു എന്തു തുക ചെലവായി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly